2019 ജൂലൈയിലെ വകുപ്പുതല പരീക്ഷയുടെ ഭാഗമായി നടത്തുന്ന കേരള ജയിൽ ഓഫീസേഴ്സ് ടെസ്റ്റ് പേപ്പർ II/കേരള ജയിൽ സബോർഡിനേറ്റ് ഓഫീസേഴ്സ് ടെസ്റ്റ് പേപ്പർ II എന്നിവയുടെ പ്രായോഗികപരീക്ഷ 22.10.2019 തീയതി തിരുവനന്തപുരം മൂക്കുന്നിമല ഫയറിംഗ് റേഞ്ചിൽ വച്ച് രാവിലെ 6.30 മണി മുതൽ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു.

പ്രായോഗികപരീക്ഷയ്ക്ക് ഹാജരാകേണ്ട തീയതി അറിയിച്ചുകൊണ്ട് പരീക്ഷാർത്ഥികൾക്ക് വ്യക്തിഗതമെമ്മോകൾ അയച്ചിട്ടുണ്ട്. പ്രസ്തുത ഉദ്യോഗാർത്ഥികൾ പ്രൊഫൈലിൽ നിന്നും, അഡ്മിഷൻ ടിക്കറ്റുകൾ ഡൗൺലോഡ് ചെയ്ത് ബന്ധപ്പെട്ട മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തി പ്രായോഗികപരീക്ഷാസമയത്ത് ഹാജരാക്കേണ്ടതാണ്. "ഗസറ്റ് വിജ്ഞാപനപ്രകാരമുള്ള ട്രെയിനിംഗ് സർട്ടിഫിക്കറ്റിൻെറ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും കൂടി ഹാജരാക്കേണ്ടതാണ്" (മുൻപ് പകർപ്പ് ഹാജരാക്കിയിട്ടുള്ളവർ ആയത് വീണ്ടും ഹാജരാക്കേണ്ടതില്ല) അല്ലാത്തപക്ഷം പ്രായോഗികപരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല. 18.10.2019-നകം മെമ്മോ ലഭിക്കാത്തവർ വകുപ്പുതലപരീക്ഷാവിഭാഗം ജോയിൻറ് സെക്രട്ടറിയുമായി ബന്ധപ്പെടേണ്ടതാണ്.